**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 643** **26-07-2021 - ൽ മറുപടിയ്ക്ക്**

**പുതുക്കാട് മണ്ഡലത്തിലെ റോഡുകളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിൽ കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മാണം നടത്തുന്നതിന് അനുമതി ലഭിച്ച കോടാലി-വെള്ളിക്കുളങ്ങര റോഡ്, പുതുക്കാട്-മുപ്ലിയം-കോടാലി റോഡ്, പള്ളിക്കുന്ന്-ചിമ്മിനി ഡാം റോഡ്, മലയോര ഹൈവേ എന്നിവയുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ; | (എ) | അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത റോഡുകളുടെ നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; | (ബി) | വിലങ്ങന്നൂർ - വെള്ളിക്കുളങ്ങര റോഡിന്റെ നിർമ്മാണം ആരംഭിക്കുന്നതിനു മുമ്പ് ഫോറസ്റ്റ് ഉദ്യോഗസ്ഥരുമായി സംയുക്ത പരിശോധന നടത്തി അലൈമെന്റ് പുനഃക്രമീകരണത്തിൽ തീരുമാനം എടുക്കേണ്ടതുണ്ട്. വെള്ളിക്കുളങ്ങര –വെറ്റിലപ്പാറ റോഡ് പ്രവൃത്തിയിൽ 0.96 ഹെക്ടർ വനഭൂമി വനം വകുപ്പിൽ നിന്നും ലഭിക്കേണ്ടതായിട്ടുണ്ട്. അതിനുവേണ്ടി വനം വകുപ്പ് ആവശ്യപ്പെട്ട അധിക വിശദാംശങ്ങൾ നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത റോഡ് പ്രവൃത്തിയുടെ ഇരുവശവും ഭൂമി ഏറ്റെടുക്കേണ്ടത് മൂലം പുനഃ-നിർമ്മിക്കേണ്ടി വരുന്ന കെട്ടിടങ്ങളുടെയും മതിലിന്റെയും വാല്യുവേഷൻ എസ്റ്റിമേറ്റ് കിഫ്ബിയിൽ നൽകിയിട്ടുണ്ട്. വനം വകുപ്പുമായി ബന്ധപ്പെട്ട തടസങ്ങൾ പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | എങ്കിൽ തടസ്സങ്ങൾ നീക്കുന്നതിനും വനം വകുപ്പിന്റെ അനുമതി ഉൾപ്പെടെയുള്ളവ ലഭ്യമാക്കി നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | വിലങ്ങന്നൂർ - വെള്ളിക്കുളങ്ങര റോഡിന്റെ നിർമ്മാണം ആരംഭിക്കുന്നതിനു മുമ്പ് ഫോറസ്റ്റ് ഉദ്യോഗസ്ഥരുമായി സംയുക്ത പരിശോധന നടത്തി അലൈമെന്റ് പുനഃക്രമീകരണത്തിൽ തീരുമാനം എടുക്കേണ്ടതുണ്ട്. വെള്ളിക്കുളങ്ങര –വെറ്റിലപ്പാറ റോഡ് പ്രവൃത്തിയിൽ 0.96 ഹെക്ടർ വനഭൂമി വനം വകുപ്പിൽ നിന്നും ലഭിക്കേണ്ടതായിട്ടുണ്ട്. അതിനുവേണ്ടി വനം വകുപ്പ് ആവശ്യപ്പെട്ട അധിക വിശദാംശങ്ങൾ നൽകുന്നതിന് വേണ്ട നടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത റോഡ് പ്രവൃത്തിയുടെ ഇരുവശവും ഭൂമി ഏറ്റെടുക്കേണ്ടത് മൂലം പുനഃ-നിർമ്മിക്കേണ്ടി വരുന്ന കെട്ടിടങ്ങളുടെയും മതിലിന്റെയും വാല്യുവേഷൻ എസ്റ്റിമേറ്റ് കിഫ്ബിയിൽ നൽകിയിട്ടുണ്ട്. വനം വകുപ്പുമായി ബന്ധപ്പെട്ട തടസങ്ങൾ പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം I

### കൊടകര - വെള്ളിക്കുളങ്ങര റോഡ്

കൊടകര - വെള്ളിക്കുളങ്ങര റോഡ് പ്രവൃത്തിയ്ക്ക് 20 കോടി രൂപക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുള്ളതും, കിഫ്ബിയിൽ നിന്നും 21.34 കോടി രൂപക്ക് സാമ്പത്തിക അനുമതി ലഭിച്ചിട്ടുള്ളതുമാണ്. 18 മാസം പൂർത്തീകരണ കാലാവധിയോടെ കരാർ ഒപ്പുവെച്ചെങ്കിലും നിർമ്മാണം ആരംഭിച്ചിട്ടില്ല.

### പുതുക്കാട്-മുപ്ലിയം-കോടാലി റോഡ്

പുതുക്കാട്-മുപ്ലിയം-കോടാലി റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തിക്ക് 10 കോടി രൂപക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുള്ളതും, കിഫ്ബിയിൽ നിന്നും 59.2 കോടി രൂപക്ക് സാമ്പത്തിക അനുമതിയും ലഭിച്ചിട്ടുള്ളതുമാണ്. ഡിസൈൻ റിവ്യൂ നടത്താൻ കിഫ്ബി തീരുമാനിച്ച പ്രോജെക്ടുകളുടെ പട്ടികയിൽ പ്രസ്തുത പ്രവൃത്തി ഉൾപ്പെട്ടിട്ടുണ്ട്. ഈ പ്രവൃത്തിക്ക് വേണ്ടി RITES നടത്തിയ ഡിസൈൻ റിവ്യൂവിന്റെ മറുപടി കിഫ്ബി TRC- യ്ക്ക് നൽകിയിട്ടുണ്ട്.

### പള്ളിക്കുന്ന് - ചിമ്മിനി ഡാം റോഡ്

പള്ളിക്കുന്ന് - ചിമ്മിനി ഡാം റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തിക്ക് 20 കോടി രൂപക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുള്ളതും, കിഫ്ബിയിൽ നിന്നും 39.49 കോടി രൂപക്ക് സാമ്പത്തിക അനുമതി ലഭിച്ചിട്ടുള്ളതുമാണ്. കിഫ്ബിയുടെ നിർദ്ദേശപ്രകാരം നിലവിലുള്ള ക്യാരേജ് വേയുടെ (Carriage way) വിശദാംശങ്ങളും RoW (Right of Way) യുടെ വിശദാംശങ്ങളും അടങ്ങുന്ന റിപ്പോർട്ട് പരിശോധനയ്ക്കായി നൽകിയിട്ടുണ്ട്.

**<u>മലയോര ഹൈവേ</u>**

മലയോരഹൈവേ തൃശ്ശൂർ ജില്ലയിൽ 3 റീച്ചുകളായിട്ടാണ് വിഭാവനം ചെയ്തിരിക്കുന്നത്. പ്രസ്തുത പ്രവൃത്തിക്ക് 10.07.2017 തീയതിയിലെ G.O( Rt) No. 942/2017/PWD ഉത്തരവ് പ്രകാരം തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്.

**<u>റീച്ച്-1</u>**

പട്ടിക്കാട് - വിലങ്ങന്നൂർ (5.3 km) - പ്രസ്തുത പ്രവൃത്തിയുടെ DPR കിഫ്ബിയിൽ നൽകിയിട്ടുണ്ട്. കിഫ്ബി ആവശ്യപ്പെട്ട അധിക വിശദാംശങ്ങൾ ശേഖരിക്കുന്നതിന് വേണ്ടി അഡീഷണൽ ഇൻവെസ്റ്റിഗേഷൻ നടത്താൻ ഫീൽഡ് ഓഫീസിലേക്ക് നിർദ്ദേശിച്ചിട്ടുണ്ട്.

**<u>റീച്ച് - 2</u>**

വിലങ്ങന്നൂർ-വെള്ളിക്കുളങ്ങര (30.925 km) - പ്രസ്തുത റീച്ചിൽ നിലവിലുള്ള അലൈമെന്റ് പ്രകാരം 14.48 ഹെക്ടർ വനഭൂമി ആവശ്യമുണ്ട്. 30.06.2021 തീയതിയിൽ കിഫ്ബിയിൽ വച്ച് അഡീഷണൽ സി. ഇ. ഒ., നാറ്റ്പാക്, ഫോറസ്റ്റ് ഉദ്യോഗസ്ഥരുമായി നടത്തിയ മീറ്റിങ്ങിൽ ടി അലൈമെന്റ് പുനഃക്രമീകരിക്കുന്നതിന് സംയുക്ത പരിശോധന നടത്തണമെന്ന് തീരുമാനിച്ചു. അതനുസരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

**<u>റീച്ച് 2</u>**

വെള്ളിക്കുളങ്ങര –വെറ്റിലപ്പാറ (18.35 km) - പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബിയിൽ നിന്നും 80.57 കോടി രൂപക്ക് സാമ്പത്തിക അനുമതി ലഭിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന ജോലികൾ 90% പൂർത്തീകരിച്ചിട്ടുണ്ട്.